# കൈസറിയായിലെ മോർ ഫ്ർമ്ലിയാനോസ്
## Mor Fermilianos of Cesaria

കാർത്തോജിന്റെ അദ്ധ്യക്ഷനായ വി. സിപ്രിയാ (വി. കുപ്രിയാനോസ്)നോടൊപ്പം വിശ്വാസ സംരക്ഷണത്തിനായി പ്രവർത്തിച്ച ഗുരുശ്രേഷ്ഠനാണ് കൈസറിയായിലെ മോർ ഫ്ർമ്ലിയാനോസ്. ആഫ്രിക്കൻ ഭൂഖണ്ഡത്തിലെ കുലീന പട്ടണങ്ങളിൽ ഒന്നിലാകാം അദ്ദേഹം ജനിച്ചത് എന്ന് കരുതപ്പെടുന്നു. ഏറെ താമസിയാതെ അതിപ്രശ്സതമായ അലക്സാന്ദ്രിയൻ പാഠശാലയിലെ ഒരംഗമാകാൻ അദ്ദേഹത്തിനു സാധിച്ചു.

അലക്സാന്ദ്രിയൻ സർവകലാശാലയിലെ പഠനങ്ങൾക്കുശേഷം അദ്ദേഹം വൈദികവൃത്തിയിൽ പ്രവേശിച്ചു. ഇടവക ഭരണത്തിനിടെ പരിശുദ്ധാത്മശക്തിയാൽ അദ്ദേഹം മഹാ പൗരോഹിത്യ ഗണത്തിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു. കപ്പദോക്യായിലെ കൈസറിയ എന്ന പ്രദേശത്തെ എപ്പിസ്കോപ്പായായി മോർ ഫ്ർമ്ലിയാനോസ് വാഴിക്കപ്പെട്ടു. ഇതേസമയം കാർത്തേജിന്റെ അദ്ധ്യക്ഷനായി വി. കുപ്രിയാനോസും ഭരണം നടത്തിവരുന്നുണ്ടായിരുന്നു. ഇക്കാലമത്രയും സഭയിൽ വളർന്നുവന്നിരുന്ന വേദവിപരീതികളെ തടുക്കുവാൻ ഇവരുടെ കൂട്ടായ പ്രവർത്തനം ഉപകരിച്ചു.

വേദവിപരീതികളിൽനിന്നും മാമ്മോദീസ സ്വീകരിച്ചവരെ സഭയിൽ പ്രവേശിപ്പിക്കുന്നതിനെ സംബന്ധിച്ച് ചില പ്രശ്നങ്ങൾ ഈ കാലത്ത് ഉയർന്നുവന്നു. ഒരു വലിയ വിഭാഗം ആളുകൾ ഈ മാമ്മോദീസയെ ന്യായീകരിച്ചുകൊണ്ട് രംഗപ്രവേശം ചെയ്തപ്പോൾ വി. കുപ്രിയാനോസിനെപ്പോലുള്ള ദൈവമക്കളെ അവിടുന്ന് ഉയർത്തി. ഇതിന്റെ ഭാഗമായി ഇക്കോനിയോമിൽ എ.ഡി. 235ൽ രണ്ട് പ്രാദേശിക സുന്നഹദോസുകൾ വളിച്ചുചേർത്തു. റോമൻ സഭ ഔദ്യോഗികമായിത്തന്നെ വേദ വിപരീതികളോട് ചേർന്നുനിന്നു. ഈ നിലപാടിനെ എതിർത്ത് തോൽപ്പിച്ച ശത്രുക്കളായിരുന്ന വി. കുപ്രിയാനോസും മോർ ഫ്ർമ്ലിയാനോസും.

പ്രതാപശാലിയായ റോമിലെ അദ്ധ്യക്ഷൻ മോർ സ്തേഫാനോസിന് (Mor Stephen I) എതിരായ മോർ ഫ്ർമ്ലിയാനോസ് നിലപാട് സ്വീകരിച്ചു. തെറ്റ് ചൂണ്ടിക്കാണിക്കുവാനുള്ള ധൈര്യം അദ്ദേഹം അവലംബിച്ചു. തന്റെ ഭാഗങ്ങളെ സാധൂകരിച്ചും റോമാസഭയുടെ തെറ്റുകളെ ചൂണ്ടിക്കാട്ടിയും അദ്ദേഹം വി. കുപ്രിയാനോസിന് ലേഖനം എഴുതി. സഭാ ചരിത്രത്താളുകളിൽ ഈ കത്തിന് വലിയ പ്രാധാന്യമാണുള്ളത്. “റോമിലെ സഭ, എന്നാളും സത്യവിശ്വാസത്തെയും പൈതൃക പാരമ്പര്യങ്ങളെയും സംരക്ഷിക്കുവാൻ മടി കാണിക്കുന്നവരാണ്” എന്ന് അദ്ദേഹം തുറന്നെഴുതി.

വി. അന്ത്യോഖ്യാ സിംഹാസനത്തിൽ എ.ഡി. 260ൽ ഉപവിഷ്ടനായ ശ്മീശത്തുകാരൻ പൗലോസ് (പൗലേ) പാത്രിയർക്കീസിന്റെ പ്രവർത്തനങ്ങളിൽ പാളിച്ചകൾ വരുകയും അദ്ദേഹം സത്യവിശ്വാസാചാരങ്ങൾ കളങ്കപ്പെടുത്തുവാൻ ശ്രമിക്കുകയും ചെയ്തപ്പോൾ മോർ ഫ്ർമ്ലിയാനോസ് ഇടപെട്ടു. സഭയിൽ പ്രശ്നങ്ങൾ ഉദയം ചെയ്തപ്പോൾ വി. ഫ്ർമ്ലിയാനോസ് പൗലോയെ ഉപദേശിക്കുകയും തുടർന്ന് അന്ത്യോഖ്യയിൽ മൂന്ന് സുന്നഹദോസുകൾ നടത്തപ്പെടുകയും ചെയ്തു. ഇവയിലൊന്നിനും പൗലോയെ തിരുത്തുവാൻ കഴിഞ്ഞില്ല. പൗലോയ്ക്ക് എതിരായി നടത്തപ്പെട്ട മൂന്നാം സുന്നഹദോസിന് അദ്ധ്യക്ഷം വഹിക്കുവാൻ വി. ഫ്ർമ്ലിയാനോസ് യാത്രയായി. 230 എ.ഡി. തുലാമാസം 28ന് അദ്ദേഹം തർസോസിലെത്തി.

വാർദ്ധക്യസഹജമായ രോഗങ്ങളും യാത്രയുടെ കാഠിന്യവും നിമിത്തം തന്റെ യാത്ര പൂർത്തീകരിക്കുവാൻ അദ്ദേഹത്തിനായില്ല. തന്റെ ചുമതല കൃത്യമായി നിർവഹിക്കുന്നതിനിടയിൽ ആ വിശുദ്ധൻ സ്വാഭാവിക മരണം പ്രാപിച്ചു. പ്രവർത്തനനിരതമായ ജീവിതത്തിന് ഈ വിശുദ്ധന്റെ ജീവിതം ഒരു നല്ല മാതൃകയാകട്ടെ! വിശുദ്ധ സഭ അദ്ദേഹത്തെ ഒരു ശ്രേഷ്ഠാചാര്യനായി കരുതി ബഹുമാനിക്കുന്നു.

***Compiled by Dn. Greger R. Kollanoor, Palakkal.***
***E-mail:gregerpalakkal@yahoo.co.in***